## പതിമൂന്നാം കേരള നിയമസഭ – എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :157    18/03/13-ൽ മറുപടിക്ക്

## <u>മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. എം. എ. വാഹീദ്<br>,, . ലൂഡി ലൂയിസ്<br>,, . ഷാഫി പറമ്പിൽ<br>,, . എം. പി. വിൻസെന്റ് | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മാതൃകാ മത്സ്യബന്ധനഗ്രാമങ്ങളുടെ പ്രവർത്തനത്തിനു തുടക്കമിട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ; | (ബി) താമസയോഗ്യമായ വീടുകൾ, ശുചിത്വമുള്ള ശൗചാലയങ്ങൾ, വൈദ്യുതി,കുടിവെള്ളം,ആരോഗ്യം, വിദ്യാഭ്യാസ സൗകര്യങ്ങൾ, സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ,മുതലായവ ലഭ്യമാക്കി പ്രസ്തുത ഗ്രാമങ്ങളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനമാണ് മാതൃകാ മത്സ്യഗ്രാമങ്ങളുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) പ്രസ്തുതഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (സി) മാതൃകാ മത്സ്യഗ്രാമങ്ങളിൽ ഭവനരഹിതർക്ക് ഭവനങ്ങൾ, ശുചിത്വമുള്ള ശൗചാലയങ്ങളുടെ നിർമ്മാണം,വൈദ്യുതീകരണം, കുടിവെള്ളം,സാമൂഹിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ആരോഗ്യ സൗകര്യങ്ങൾ, |

| | |
|---|---|
| | വിദ്യാഭ്യാസ സൗകര്യങ്ങൾ, എന്നിവ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങൾ ലഭ്യമാണെന്ന വിശദീകരിക്കുമോ? | (ഡി) 13 ാം ധനകാര്യകമ്മീഷൻ അവാർഡ് ധനസഹായമായി മാതൃകാ മത്സ്യഗ്രാമം പദ്ധതിയ്ക്ക് 160 കോടിയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ